ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഫയൽ നമ്പർ 1261/2016.

(ബി) പ്രസ്തുത വ്യക്തിക്ക് ചികിത്സാ ധനസഹായ തുക എത്രയുംവേഗം കൈമാറുമോ; ഇതുസംബന്ധിച്ച അറിയിപ്പ് അദ്ദേഹത്തിന് കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീകാര്യം കുന്നംപുറത്തു വീട്ടിൽ ശ്രീ. രാജപ്പന് ചികിത്സാ ധനസഹായമനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി വ്യക്തിക്ക് ചികിത്സാ ധനസഹായത്തുക അടിയന്തരമായി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

273(974) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി കുറുവങ്ങാട് ഐ.ടി.ഐ.യിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള കെട്ടിടത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഒ.യു. ഒപ്പിടാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം കാണിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുറുവങ്ങാട് ഐ.റ്റി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 193 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിനുള്ള ധാരണാപത്രം (MOU) ഒപ്പിടുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

**പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം**

274(975) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയംപര്യാപ്തഗ്രാമ പദ്ധതി സംബന്ധിച്ച് എത്ര വിലയിരുത്തൽ യോഗങ്ങൾ നടന്നു; അവയുടെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 20-12-2013-ൽ തെരഞ്ഞെടുത്ത എത്ര സ്വയംപര്യാപ്ത ഗ്രാമങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു; അവ ഏതെല്ലാമാണ്; ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) 2012-13-ലെ പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഏജൻസികൾ ഏതെല്ലാമാണ്;

(ഡി) 2012-13-ൽ തെരഞ്ഞെടുത്തതിൽ ഉപേക്ഷിക്കപ്പെട്ട/നിർമ്മാണം നടക്കാത്ത കോളനികളുടെ ലിസ്റ്റ് ജില്ല തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമ പദ്ധതി സംബന്ധിച്ച് സംസ്ഥാന തലത്തിൽ രണ്ട് വിലയിരുത്തൽ യോഗങ്ങൾ നടത്തിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പുകൾ അനുബന്ധം -I ആയി ചേർക്കുന്നു.*

(ബി) 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത സ്വയംപര്യാപ്ത ഗ്രാമങ്ങളിൽ 19 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം -II ആയി ചേർക്കുന്നു.*

(സി) അനുബന്ധം- III ആയി ചേർക്കുന്നു.*

(ഡി) 2012-13-ൽ തെരഞ്ഞെടുത്തതിൽ കോഴിക്കോട് ജില്ലയിലെ കാട്ടുവയൽ കോളനിയിൽ ചില സാങ്കേതിക കാരണങ്ങളാൽ താൽക്കാലം പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly